## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 142

08.06.2018 - ൽ മറുപടിക്ക്

## കുടുംബശ്രീ പ്രസ്ഥാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. പി.വി.അൻവർ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

(എ) കൂട്ടായ്മയിലൂടെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് വഴി തുറക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തെ സമസ്ത മേഖലയിലേക്കും വ്യാപിപ്പിക്കാനും ലോകത്തിലെ ഏറ്റവും വലിയ സ്ത്രീകൂട്ടായ്മയാക്കാനും ഈ സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(എ) കൂട്ടായ്മയിലൂടെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന് വഴി തുറക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തെ സമസ്ത മേഖലയിലേക്കും വ്യാപിപ്പിക്കാനും ലോകത്തിലെ ഏറ്റവും വലിയ സ്ത്രീകൂട്ടായ്മയാക്കാനും ഈ സർക്കാർ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്:-

**1) കുടുംബശ്രീ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം**

2.70 ലക്ഷത്തോളം ജനറൽ അയൽക്കൂട്ടങ്ങളെക്കൂടാതെ നാളിതുവരെ 19 ട്രാൻസ് ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങളും, 1,102 പി.ഡബ്ല്യൂ.ഡി. - Person with disabilities പ്രത്യേക അയൽക്കൂട്ടങ്ങളും, 2,628 വയോജന പ്രത്യേക അയൽക്കൂട്ടങ്ങളും ഉൾപ്പെടെ 3749 സ്പെഷ്യൽ അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്.

**2) തീരദേശ മേഖലയിലെ കുടുംബശ്രീ ഇടപെടൽ**

തീരദേശ പ്രവർത്തന മേഖലയിൽ അനുഭവസമ്പത്തുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി 81 തീരദേശ കമ്മ്യൂണിറ്റി വോളണ്ടിയർമാരെ നിയമിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ ഒരു തീരദേശ അയൽക്കൂട്ടത്തിന് 15,000 രൂപ വീതം ആകെ 2,000 അയൽക്കൂട്ടങ്ങൾക്ക് 3.00 കോടി രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകി.

**3) കുടുംബശ്രീ സ്കൂൾ**

കുടുംബശ്രീ ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടക്കുന്നതിനും പ്രവർത്തനങ്ങൾ പുനർ നിർണ്ണയം നടത്തുന്നതിനും വേണ്ടി വിപുലമായ സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയ 'കുടുംബശ്രീ സ്കൂൾ' 2017 ഒക്ടോബർ, നവംബർ മാസങ്ങളിലായി നടപ്പിലാക്കി.

**4) കുടുംബശ്രീ മഹിളാ കിസാൻ സശാക്തീകരണ പരിയോജന (എം.കെ.എസ്.പി.)**

പദ്ധതിയുടെ ഭാഗമായി 65,601 സംഘകൃഷി ഗ്രൂപ്പുകളിലായി 2,88,005 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 600 മാസ്റ്റർ ഫാർമർ അഥവാ ജീവ ഏജന്റുമാരെ പരിശീലിപ്പിക്കുകയും അവർ ഫീൽഡിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കുകയും ചെയ്തു വരുന്നു. കൂടാതെ 3000 മാസ്റ്റർ കർഷകർ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്.

(ബി) കാർഷിക രംഗത്തും ഉല്പന്നനിർമ്മാണ രംഗത്തും സജീവമായ കുടുംബശ്രീയെ വിപണനരംഗത്തും വിജയകരമാക്കാൻ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതി എന്താണെന്ന് അറിയിക്കാമോ;

(ബി) കുടുംബശ്രീയെ വിപണനരംഗത്ത് വിജയകരമാക്കാൻ താഴെ പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്

1. മാസച്ചന്തകൾ
2. വിപണനമേളകൾ
3. ഭക്ഷ്യമേളകൾ
4. ഹോംഷോപ്പ്
5. കുടുംബശ്രീ ബസാർ
6. നാനോമാർക്കറ്റ്
7. ഓൺലൈൻ പോർട്ടൽ

(സി) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനവും ജോലിയും ലഭ്യമാക്കാൻ കുടുംബശ്രീ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അവാർഡ് ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(സി) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് സൗജന്യ-തൊഴിൽ നൈപുണ്യ പരിശീലനവും ജോലിയും ലഭ്യമാക്കാൻ കേന്ദ്ര പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയുജി കെവൈ) കേരളത്തിൽ കുടുംബശ്രീ മുഖേനയാണ് നടപ്പാക്കുന്നത്. ഏറ്റവും മികച്ച രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ഇന്ത്യയിലെ മൂന്നാമത്തെ മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് 2017 ലും, രണ്ടാമത്തെ മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് 2018 ലും കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു.

പരിശീലനം നേടുന്ന 70 ശതമാനം പേർക്കും ജോലി ഉറപ്പാക്കുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി വഴി കുടുംബശ്രീ ഇതുവരെ 34,568 പേർക്ക് പരിശീലനം നൽകി. അതിൽ 27,515 പേർക്ക് ജോലിയും ലഭിച്ചു. 65 പ്രൊജക്റ്റ് ഇംപ്ലിമെന്റിങ് ഏജൻസികൾ (പിഐഎ) വഴി 72 പരിശീലന കേന്ദ്രങ്ങളിലൂടെ വ്യത്യസ്തമായ 102 ട്രേഡുകളിൽ കേരളത്തിൽ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതി പ്രകാരം നൈപുണ്യ പരിശീലനം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ